"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കോഴിക്കോട് ജില്ലാ കാർഷികോത്പാദന വിപണന സഹകരണ സംഘത്തിന് പ്രകൃതി ക്ഷോഭം മൂലം കുലച്ചതിനുശേഷം നശിച്ച 500 എണ്ണം വാഴകൾക്ക് വിള ഇൻഷ്വറൻസ് തുക നൽകുന്നതിന് പ്രത്യേക അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.497/2023/AGRI തീയതി,തിരുവനന്തപുരം, 23-05-2023

പരാമർശം:-

1 22.03.2017 തീയതിയിലെ സ.ഉ (എംഎസ്) നം 37/2017/കൃഷി

2. കോഴിക്കോട് കാർഷികോത്പാദന വിപണന സഹകരണ സംഘം പ്രസിഡന്റ് ശ്രീ.ഇ. അരവിന്ദാക്ഷൻ 2.11.2021ൽ ബഹു കൃഷി വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനം

3 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 08/06/2022, 07/12/2022, 05/05/2023 തീയതികളിലെ ADFW/534/2022-TR2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാ കാർഷികോത്പാദന വിപണന സഹകരണ സംഘത്തിന്റെ കീഴിൽ ഏതാനും കർഷകർ ചേർന്ന് ആയഞ്ചേരി, പുറമേരി പഞ്ചായത്തുകളിലായി 3000 -ത്തിലധികം വാഴ കൃഷി ചെയ്തിരുന്നുവെന്നും 2020 ജനുവരിയിലാണ് കൃഷി ആരംഭിച്ചതെന്നും 2020 മാർച്ച് മാസം 18-ാം തീയതി കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് വാഴയ്ക്ക് ഇൻഷ്വറൻസ് തുക അടയ്ക്കാൻ ആവശ്യപ്പെട്ടുവെന്നും, എന്നാൽ അപ്രതീക്ഷിതമായുണ്ടായ ലോക്ഡൗൺ കാരണം തുക അടയ്ക്കാൻ കഴിഞ്ഞില്ലെന്നും മെയ് 3-ാം തീയതി ലോക്ഡൗൺ ഭാഗികമായി പിൻവലിച്ചതിനുശേഷം 4-ാം തീയതി ഇൻഷ്വറൻസ് തുക അടച്ചുവെന്നും എന്നാൽ 7-ാം തീയതി ഉണ്ടായ ശക്തമായ കാറ്റിൽ 1000-ത്തിലധികം വാഴ പൂർണ്ണമായും നശിച്ചുവെന്നും നഷ്ടപരിഹാരത്തിനായി ഇൻഷ്വറൻസിന് ക്ലെയിം ചെയ്തപ്പോൾ കൃത്യസമയത്ത് ഇൻഷ്വറൻസ് അടച്ചില്ല എന്ന് കാരണം പറഞ്ഞ് ക്ലെയിം നിഷേധിച്ചുവെന്നും ആയതിനാൽ ലോക്ഡൗൺ കാലം എല്ലാ സാമ്പത്തിക ഇടപാടുകൾക്കും സർക്കാർ ഇളവ് അനുവദിച്ചിരുന്നുവെന്നും ആ ഇളവ് തങ്ങൾക്കും അനുവദിച്ച് ക്ലെയിം ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട കോഴിക്കോട് ജില്ലാ കാർഷികോത്പാദന വിപണന സഹകരണ സംഘം പ്രസിഡന്റ് പരാമർശം 2 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) ആയഞ്ചേരി ഗ്രാമ പഞ്ചായത്തിൽ കോഴിക്കോട് ജില്ലാ കാർഷികോല്പാദന വിപണന സഹകരണ സംഘം 4000 എണ്ണം വാഴ കൃഷി ചെയ്തിരുന്നുവെന്നും ഒരു പ്ലോട്ടിലെ 2000 വാഴയും

മറ്റൊരു പ്ലോട്ടിലെ 1000 വാഴയും ആണ് സംഘം ഇൻഷ്വർ ചെയ്യാൻ അപേക്ഷിച്ചതെന്നും അപേക്ഷ കൃഷിഭവനിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവൻ ഉദ്യോഗസ്ഥർ 17/03/2020 തീയതിയിൽ സ്ഥല പരിശോധന നടത്തുകയും 3000 വാഴയ്ക്ക് 3/- രൂപ നിരക്കിൽ 9000/- രൂപ ഇൻഷ്വറൻസ് പ്രീമിയം തുക അടവാക്കുവാൻ നിർദ്ദേശിച്ചിരുന്നതായും കൃഷി ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ കൊറോണ ലോക്ക് ഡൗൺ കാരണം പ്രീമിയം തുക സഹകരണ സംഘത്തിന് അടവാക്കുവാൻ സാധിക്കാതെ വരികയും പ്രസ്തുത പ്രീമിയം തുക 4/5/2020 തീയതിയിൽ മാത്രമാണ് സംഘം ബാങ്കിൽ അടവാക്കിയിട്ടുള്ളതെന്നും പ്രകൃതിക്ഷോഭം മൂലം വാഴകൾ 500 എണ്ണം കുലച്ചതിന് ശേഷമാണ് നശിച്ചത് എന്ന് സ്ഥലം സന്ദർശിച്ചപ്പോൾ ബോധ്യപ്പെടുകയും, പ്രീമിയം തുക അടച്ചതിൽ കാലതാമസം വന്നതിനാലാണ് ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുവാൻ കഴിയാതിരുന്നത് എന്നും കൃഷി ഡയറക്ടർ അറിയിച്ചിരുന്നു. പരാമർശം 1 ലെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളുവെന്നതിനാലാണ് വിള നഷ്ടത്തിന് നഷ്ടപരിഹാരം നൽകാനാവാത്തത് എന്നും കൃഷി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് ലോക്ക്ഡൗൺ സംബന്ധിച്ച് സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ 3.05.2020 വരെ നീട്ടിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 23.04.2020 ലെ സ.ഉ (എംഎസ്) നം. 80/2020/പൊഭവ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയെ റെഡ് സോണിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത ഉത്തരവ് പ്രകാരം അവശ്യ സർവ്വീസ് മാത്രമാണ് അനുവദിച്ചിരുന്നത്. 04.05.2020 ന് പ്രീമിയം തുക അപേക്ഷകൻ അടച്ചിരുന്നു. 7.05.2020 നുണ്ടായ പ്രകൃതി ക്ഷോഭത്തിലാണ് കൃഷി നാശം ഉണ്ടായിരിക്കുന്നത്. കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ലോക്ഡൗൺ കാലം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പല സാമ്പത്തിക ഇടപാടുകൾക്കും സർക്കാർ ഇളവ് അനുവദിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ,പരാമർശം (1) സർക്കാർ ഉത്തരവ് വ്യവസ്ഥകളിൽ ഇളവ് വരുത്തി കോഴിക്കോട് ജില്ലാ കാർഷികോത്പാദന വിപണന സഹകരണ സംഘത്തിന് പ്രകൃതിക്ഷോഭം മൂലം കുലച്ചതിനുശേഷം നശിച്ച 500 എണ്ണം വാഴകൾക്ക് വിള ഇൻഷ്വറൻസ് തുക നല്കുന്നതിനായുള്ള പ്രത്യേക അനുമതി കാർഷികവികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോഴിക്കോട്.

ശ്രീ. ഇ. അരവിന്ദാക്ഷൻ, കോഴിക്കോട് ജില്ലാ കാർഷികോത്പാദന വിപണന സഹകരണ സംഘം, പിഒ. വടകര, കോഴിക്കോട്-673101

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്